**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3666** **09-10-2025 - ൽ മറുപടിയ്ക്ക്**

**വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് അടക്കമുള്ള എല്ലാ വിളകളുടെയും വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) | കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപടകൾ സ്വീകരിച്ച് വരുന്നു. വിവിധ പദ്ധതികളുടെയും കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവകലാശാല, വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള, കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി എന്നിവിടങ്ങളിൽ നിന്നും നേരിട്ടും കർഷകർക്ക് ആവശ്യമായ വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നു. ഗുണമേന്മയുള്ള നെൽ വിത്ത് വിതരണം നടത്തുന്ന സംസ്ഥാന ഏജൻസിയായ കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി. നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുൽപ്പാദക പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>കൃഷി വകുപ്പിന്റെ കീഴിലുള്ള 64 ഫാമുകളിൽ വർഷം തോറും ഗുണമേന്മയുള്ളതും കീടരോഗബാധയില്ലാത്തതുമായ വിവിധ ഇനം നെൽ വിത്ത്, തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, ഫലവൃക്ഷ ഗ്രാഫ്റ്റുകൾ, ലേയറുകൾ, ബഡ്ഡുകൾ, തൈകൾ, വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ, കശുമാവ് ഗ്രാഫ്റ്റ്, കരിമ്പിൻ കഴങ്ങൾ, വിവിധ ഇനം ടിഷ്യുകൾച്ചർ വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധ സസ്യങ്ങൾ, അലങ്കാര ചെടികൾ എന്നിവയുടെ തൈകൾ ഉത്പാദിപ്പിക്കുന്നു. 2024-25 വർഷം 595.8 ടൺ നെൽ വിത്ത്, 10.66 ലക്ഷം തെങ്ങിൻ തൈകൾ, 4.17 ലക്ഷം ടിഷ്യൂ കൾച്ചർ വാഴ, 29.73 ലക്ഷം കുരുമുളക് വള്ളികൾ, 40.6 ലക്ഷം പച്ചക്കറി തൈകൾ 22.77 ടൺ പച്ചക്കറി വിത്ത് 3.61 ലക്ഷം |

ഫലവർഗ്ഗ ഗ്രാഫ്റ്റ്/ലെയുകൾ 3.9 ലക്ഷം ഫലവൃക്ഷ തൈകൾ, 50.6 ടൺ കിഴങ്ങുവർഗ നടീൽ വസ്തുക്കൾ, 1.98 ലക്ഷം കശുമാവ് ഗ്രാഫ്റ്റ്, 1.2 ലക്ഷം ഔഷധ സസ്യങ്ങൾ, 2.74 ലക്ഷം അലങ്കാര ചെടികളുടെ നടീൽ വസ്തുക്കൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്ററിൽ വാഴയുടെയും അലങ്കാരചെടികളുടെയും ടിഷ്യു കൾച്ചർ തൈകൾ തുടങ്ങിയവ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെയും ഫാമുകളിൽ നിന്ന് നേരിട്ടും കർഷർക്ക് ലഭിക്കുന്നു.

സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ബഹു: മുഖ്യമന്ത്രിയുടെ നാലാം നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും വിവിധ 16 വകുപ്പുകളുടെയും സഹകരണത്തോടുകൂടി പച്ചക്കറി വികസനം- സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി നൽകി വരുന്നുണ്ട്. ടി പച്ചക്കറി വിത്തുകളും തൈകളും കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ ഏജൻസികൾ മുഖേനയാണ് ഉൽപ്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കി വരുന്നത്.

സംസ്ഥാനത്ത് ഫലവർഗ്ഗ കൃഷി വ്യാപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ഫലവർഗ്ഗ ക്ലസ്റ്ററുകളുടെ രൂപീകരണം എന്ന പദ്ധതി പ്രകാരം വിവിധ ഇനം ഫലവർഗ്ഗങ്ങളുടെ നടീൽ വസ്തുക്കൾ വിതരണം നടത്തി വരുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും മറ്റ് ഏജൻസി/വകുപ്പുകളായ കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., കെ.എസ്.എ.എം.എം., കുടുംബശ്രീ, ആറളം ഫാർമിംഗ് കോർപ്പറേഷൻ എന്നിവ മുഖേന തയ്യാറാക്കുന്ന ഫലവൃക്ഷ തൈകളാണ് പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/

ടിഷ്യൂകൾച്ചർ വാഴ, ഫലവൃക്ഷത്തൈകൾ തുടങ്ങിയവയാണ് വിതരണം നടത്തുന്നത്.

വി.എഫ്.പി.സി.കെ യുടെ ആലത്തൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന വിത്ത് സംസ്കരണ ശാലയിൽ നിന്നും ഗുണമേന്മയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ 17 ഇനം ഓപ്പൺ പോളിനേറ്റഡ് പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിച്ച അത്യുൽപാദനശേഷിയും രോഗപ്രതിരോധശേഷിയുള്ളതുമായ സങ്കര/ പോളിനേറ്റഡ് പച്ചക്കറി തൈകൾ, ഫലവൃക്ഷതൈകൾ, വാഴക്കന്നുകൾ, ടിഷ്യൂകൾച്ചർ തൈകൾ (നേന്ത്രൻ, ഗ്രാനൈൻ, ചെങ്കദളി മുതലായവ), സങ്കരയിനം വിത്തുകൾ, കൂൺ വിത്തുകൾ എന്നീ നടിൽ വസ്തുക്കളും ലഭ്യമാക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 28.45 ലക്ഷം പച്ചക്കറി വിത്തുകൾ ഉൾപ്പെടെ നാളിതുവരെ 1015 മെട്രിക് ടൺ വിത്ത് ഉൽപാദിപ്പിച്ച വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ തണ്ണിമത്തൻ (ശോണിമ), വെണ്ട (അർക്കാ നിഖിത) എന്നീ സങ്കരയിനങ്ങളുടെ വിത്തുൽപാദനം നടത്തിയിട്ടുണ്ട്. ഒരു കിലോ ശോണിമയും 12 കിലോ അർക്കാ നിഖിതയുടേയും വിത്ത് ലഭിച്ചിട്ടുണ്ട്. ഇവ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രതിവർഷം രണ്ട് കോടി പച്ചക്കറി തൈകളുടെ ഉൽപാദനം നടത്താൻ ശേഷിയുള്ള ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം വഴി 26 ഇനങ്ങളുടെ സങ്കരയിനം/ അത്യുൽപാദനശേഷിയുള്ള ഓപ്പൺ പോളിനേറ്റഡ് പച്ചക്കറി തൈകളും ഫലവൃക്ഷ തൈകളും ലഭ്യമാക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 29.5 ലക്ഷം പച്ചക്കറി തൈകൾ ഉൾപ്പെടെ 2017 മുതൽ നാളിതു വരെ 3.30 കോടി തൈകൾ ഉൽപാദിപ്പിച്ച വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി തുറസ്സായ പരാഗണത്തിലൂടെയുള്ള വിത്തുത്പാദനം, അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിളകളുടെ വിത്തുത്പാദനം, എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

ഊറസ്സായ പരാഗണത്തിലൂടെയുള്ള വിത്തുത്പാദനം എന്ന ഘടകം വി.എഫ്.പി.കെ., കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകൾ എന്നിവ മുഖാന്തിരവും അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിളകളുടെ വിത്തുത്പാദനം എന്ന ഘടകം കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ, മലപ്പുറം മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലെക്സ് എന്നിവ മുഖാന്തിരവും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷം ഊറസ്സായ പരാഗണത്തിലൂടെയുള്ള വിത്തുത്പാദനം എന്ന ഘടകത്തിനായി 150 ലക്ഷം രൂപയും അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിളകളുടെ വിത്തുത്പാദനം എന്ന ഘടകത്തിനായി 18 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കൂടാതെ, നടീൽ വസ്തുക്കളുടെ ഉത്പാദനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ലാർജ് നഴ്സറി (1 ഹെ), ചെറുകിട നഴ്സറി (0.4 to 1 ഹെ), പുതിയ TC ലാബ്, ഹൈ ടെക് പ്ലഗ് ടൈപ്പ് നഴ്സറി, എന്നീ ഘടകങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രൊജക്റ്റ് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ വായ്പാ ബന്ധിത ധനസഹായം നൽകിവരുന്നു.

പച്ചക്കറികളുടെയും പുഷ്പ വിളകളുടെയും ഹൈടെക് കൃഷി സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന്, ഇൻഡോ ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായുള്ള മികവിന്റെ കേന്ദ്രം, വയനാട് ജില്ലയിൽ കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ക്യാമ്പസ്സിൽ സ്ഥാപിതമായിട്ടുണ്ട്. പദ്ധതി പ്രകാരം, നടീൽ വസ്തുക്കളുടെ ഉത്പാദനത്തിന് 4 നഴ്സറികൾ (2048 ചതുരശ്ര മീറ്റർ) കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് വഴി പ്രതിവർഷം ഒരു കോടിയോളം പച്ചക്കറി/ പുഷ്പ തൈകൾ ഉത്പാദിപ്പിക്കാനുള്ള ക്ഷമത കേന്ദ്രത്തിനുണ്ട്. കേന്ദ്രത്തിന്റെ തുടക്കം മുതൽ നാളിതുവരെ 14.14 ലക്ഷം പച്ചക്കറി തൈകൾ, 7.35 ലക്ഷം പുഷ്പ തൈകൾ എന്നിവ ഉത്പാദിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ പച്ചക്കറിയുടേയും പഴവർഗ്ഗങ്ങളുടേയും നല്ലയിനം നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഹൈടെക് നഴ്സറികളും, ചെറുകിട നഴ്സറികളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു .

നെല്ല് അടക്കമുള്ള എല്ലാ പ്രധാന വിളകളുടെയും ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും

| | | | |
|---|---|---|---|
| | | | കാർഷിക സർവകലാശാലയിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്. 2024-25 വർഷത്തിൽ വിവധ 1850 ടൺ വിത്തുവർഗങ്ങളും 55.68 ലക്ഷം നടീൽ വസ്തുക്കളും സർവകലാശാലയിൽ നിന്നും ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ നെൽകർഷകർ നിലവിൽ ഉപയോഗിച്ചു വരുന്ന നെൽവിത്തിന്റെ ഗുണമേന്മയും ഉത്പാദനശേഷിയും പ്രതിരോധശേഷിയും കുറഞ്ഞ സാഹചര്യത്തിൽ ഗുണമേന്മയും ഉത്പാദനശേഷിയും പ്രതിരോധശേഷിയും കൂടതലുള്ള ഇനങ്ങളായ പൗർണമി, KAU പുണ്യ (MO 25), KAU ആദ്യ (MO 24) എന്നീ പുതിയ ഇനം വിത്തുകൾ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്.<br><br>കേരള കാർഷിക സർവകലാശാലയിൽ നിന്നും നാളിതു വരെ അത്യുത്പാദനക്ഷമതയും രോഗപ്രതിരോധ ശേഷിയുമുള്ള വിവിധ വിളകളുടെ **359** ഇനം വിത്തിനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. 2024-ൽ വിവിധ വിളകളുടെ 16 ഇനങ്ങളാണ് സർവകലാശാല കാർഷിക സമൂഹത്തിനായി പുറത്തിറക്കിയത്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള, ഉല്പാദനക്ഷമതയും ഉയർന്ന രോഗപ്രതിരോധശേഷിയുമുള്ള വിത്തിനങ്ങൾ ലഭ്യമാക്കുന്നതിനായി അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിളകളുടെ വിത്തുത്പാദനത്തിനായി എം.ഐ.ഡി.എച്ച്. വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക സർവ്വകലാശാല, മലപ്പുറം മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലെക്സ് എന്നിവയ്ക്ക് ധനസഹായം നൽകുന്നുണ്ട്. 2025-26 സാമ്പത്തിക വർഷം ഇതിനായി 18ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ പച്ചക്കറിയുടേയും പഴവർഗ്ഗങ്ങളുടേയും നല്ലയിനം നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി 8 ഹൈടെക് നഴ്സറികളും, 24 ചെറുകിട നഴ്സറികളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉയർന്ന ഉല്പാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ള വിത്തിനങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടപടകൾ സ്വീകരിച്ച് വരുന്നു. വിവിധ പദ്ധതികളുടെയും കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവകലാശാല, വെജിറ്റബിൾ |

& ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള, കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി എന്നിവിടങ്ങളിൽ നിന്നും നേരിട്ടും കർഷകർക്ക് ആവശ്യമായ വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നു. ഗുണമേന്മയുള്ള നെൽ വിത്ത് വിതരണം നടത്തുന്ന സംസ്ഥാന ഏജൻസിയായ കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി. നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുൽപ്പാദക പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള 64 ഫാമുകളിൽ വർഷം തോറും ഗുണമേന്മയുള്ളതും കീടരോഗബാധയില്ലാത്തതുമായ വിവിധ ഇനം നെൽ വിത്ത്, തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, ഫലവൃക്ഷ ഗ്രാഫ്റ്റുകൾ, ലേയറുകൾ, ബഡ്ഡുകൾ, തൈകൾ, വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ, കശുമാവ് ഗ്രാഫ്റ്റ്, കരിമ്പിൻ കഴങ്ങൾ, വിവിധ ഇനം ടിഷ്യുകൾച്ചർ വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധ സസ്യങ്ങൾ, അലങ്കാര ചെടികൾ എന്നിവയുടെ തൈകൾ ഉത്പാദിപ്പിക്കുന്നു. 2024-25 വർഷം 595.8 ടൺ നെൽ വിത്ത്, 10.66 ലക്ഷം തെങ്ങിൻ തൈകൾ, 4.17 ലക്ഷം ടിഷ്യൂ കൾച്ചർ വാഴ, 29.73 ലക്ഷം കുരുമുളക് വള്ളികൾ, 40.6 ലക്ഷം പച്ചക്കറി തൈകൾ 22.77 ടൺ പച്ചക്കറി വിത്ത് 3.61 ലക്ഷം ഫലവർഗ്ഗ ഗ്രാഫ്റ്റ്/ലെയുകൾ 3.9 ലക്ഷം ഫലവൃക്ഷ തൈകൾ, 50.6 ടൺ കിഴങ്ങുവർഗ നടീൽ വസ്തുക്കൾ, 1.98 ലക്ഷം കശുമാവ് ഗ്രാഫ്റ്റ്, 1.2 ലക്ഷം ഔഷധ സസ്യങ്ങൾ, 2.74 ലക്ഷം അലങ്കാര ചെടികളുടെ നടീൽ വസ്തുക്കൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്ററിൽ വാഴയുടെയും അലങ്കാരചെടികളുടെയും ടിഷ്യൂ കൾച്ചർ തൈകൾ തുടങ്ങിയവ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെയും ഫാമുകളിൽ നിന്ന് നേരിട്ടും കർഷർക്ക് ലഭിക്കുന്നു.

സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ബഹു: മുഖ്യമന്ത്രിയുടെ നാലാം നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും വിവിധ 16 വകുപ്പുകളുടെയും സഹകരണത്തോടുകൂടി പച്ചക്കറി

വികസനം- സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി നൽകി വരുന്നുണ്ട്. ടി പച്ചക്കറി വിത്തുകളും തൈകളും കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ ഏജൻസികൾ മുഖേനയാണ് ഉൽപ്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കി വരുന്നത്.

സംസ്ഥാനത്ത് ഫലവർഗ്ഗ കൃഷി വ്യാപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ഫലവർഗ്ഗ ക്ലസ്റ്ററുകളുടെ രൂപീകരണം എന്ന പദ്ധതി പ്രകാരം വിവിധ ഇനം ഫലവർഗ്ഗങ്ങളുടെ നടീൽ വസ്തുക്കൾ വിതരണം നടത്തി വരുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും മറ്റ് ഏജൻസി/വകുപ്പുകളായ കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., കെ.എസ്.എ.എം.എം., കുടുംബശ്രീ, ആറളം ഫാർമിംഗ് കോർപ്പറേഷൻ എന്നിവ മുഖേന തയ്യാറാക്കുന്ന ഫലവൃക്ഷ തൈകളാണ് പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, ഫലവൃക്ഷത്തൈകൾ തുടങ്ങിയവയാണ് വിതരണം നടത്തുന്നത്.

വി.എഫ്.പി.സി.കെ യുടെ ആലത്തൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന വിത്ത് സംസ്കരണ ശാലയിൽ നിന്നും ഗുണമേന്മയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ 17 ഇനം ഓപ്പൺ പോളിനേറ്റഡ് പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിച്ചു അത്യുൽപാദനശേഷിയും രോഗപ്രതിരോധശേഷിയുള്ളതുമായ സങ്കര/ പോളിനേറ്റഡ് പച്ചക്കറി തൈകൾ, ഫലവൃക്ഷതൈകൾ, വാഴക്കന്നുകൾ, ടിഷ്യൂകൾച്ചർ തൈകൾ (നേന്ത്രൻ, ഗ്രാനൈൻ, ചെങ്കദളി മുതലായവ), സങ്കരയിനം വിത്തുകൾ, കൂൺ വിത്തുകൾ എന്നീ നടിൽ വസ്തുക്കളും ലഭ്യമാക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 28.45 ലക്ഷം പച്ചക്കറി വിത്തുകൾ ഉൾപ്പെടെ നാളിതുവരെ 1015 മെട്രിക് ടൺ വിത്ത് ഉൽപാദിപ്പിച്ചു വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ തണ്ണിമത്തൻ (ശോണിമ), വെണ്ട (അർക്കാ നികിത)

എന്നീ സങ്കരയിനങ്ങളുടെ വിത്തുൽപാദനം നടത്തിയിട്ടുണ്ട്. ഒരു കിലോ ശോണിമയും 12 കിലോ അർക്കാ നിഖിതയുടേയും വിത്ത് ലഭിച്ചിട്ടുണ്ട്. ഇവ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രതിവർഷം രണ്ട് കോടി പച്ചക്കറി തൈകളുടെ ഉൽപാദനം നടത്താൻ ശേഷിയുള്ള ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം വഴി 26 ഇനങ്ങളുടെ സങ്കരയിനം/ അത്യുൽപാദനശേഷിയുള്ള ഓപ്പൺ പോളിനേറ്റഡ് പച്ചക്കറി തൈകളും ഫലവൃക്ഷ തൈകളും ലഭ്യമാക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 29.5 ലക്ഷം പച്ചക്കറി തൈകൾ ഉൾപ്പെടെ 2017 മുതൽ നാളിതു വരെ 3.30 കോടി തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി തുറസ്സായ പരാഗണത്തിലൂടെയുള്ള വിത്തുത്പാദനം, അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിളകളുടെ വിത്തുത്പാദനം, എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

തുറസ്സായ പരാഗണത്തിലൂടെയുള്ള വിത്തുത്പാദനം എന്ന ഘടകം വി.എഫ്.പി.കെ., കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകൾ എന്നിവ മുഖാന്തിരവും അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിളകളുടെ വിത്തുത്പാദനം എന്ന ഘടകം കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ, മലപ്പുറം മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലെക്സ് എന്നിവ മുഖാന്തിരവും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷം തുറസ്സായ പരാഗണത്തിലൂടെയുള്ള വിത്തുത്പാദനം എന്ന ഘടകത്തിനായി 150 ലക്ഷം രൂപയും അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിളകളുടെ വിത്തുത്പാദനം എന്ന ഘടകത്തിനായി 18 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കൂടാതെ, നടീൽ വസ്തുക്കളുടെ ഉത്പാദനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ലാർജ് നഴ്സറി (1 ഹെ), ചെറുകിട നഴ്സറി (0.4 to 1 ഹെ), പുതിയ TC ലാബ്, ഹൈ ടെക് പ്ലഗ് ടൈപ്പ് നഴ്സറി, എന്നീ ഘടകങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രൊജക്റ്റ് പ്രൊപ്പോസലിന്റെ

അടിസ്ഥാനത്തിൽ വായ്പ്പാ ബന്ധിത ധനസഹായം നൽകിവരുന്നു.

പച്ചക്കറികളുടെയും പുഷ്പ വിളകളുടെയും ഹൈടെക് കൃഷി സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന്, ഇൻഡോ ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായുള്ള മികവിന്റെ കേന്ദ്രം, വയനാട് ജില്ലയിൽ കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ക്യാമ്പസ്സിൽ സ്ഥാപിതമായിട്ടുണ്ട്. പദ്ധതി പ്രകാരം, നടീൽ വസ്തുക്കളുടെ ഉത്പാദനത്തിന് 4 നഴ്സറികൾ (2048 ചതുരശ്ര മീറ്റർ) കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് വഴി പ്രതിവർഷം ഒരു കോടിയോളം പച്ചക്കറി/ പുഷ്പ തൈകൾ ഉത്പാദിപ്പിക്കാനുള്ള ക്ഷമത കേന്ദ്രത്തിനുണ്ട്. കേന്ദ്രത്തിന്റെ തുടക്കം മുതൽ നാളിതുവരെ 14.14 ലക്ഷം പച്ചക്കറി തൈകൾ, 7.35 ലക്ഷം പുഷ്പ തൈകൾ എന്നിവ ഉത്പാദിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ പച്ചക്കറിയുടേയും പഴവർഗ്ഗങ്ങളുടേയും നല്ലയിനം നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഹൈടെക് നഴ്സറികളും, ചെറുകിട നഴ്സറികളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു .

നെല്ല് അടക്കമുള്ള എല്ലാ പ്രധാന വിളകളുടെയും ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും കാർഷിക സർവകലാശാലയിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്. 2024-25 വർഷത്തിൽ വിവിധ 1850 ടൺ വിത്തുവർഗങ്ങളും 55.68 ലക്ഷം നടീൽ വസ്തുക്കളും സർവകലാശാലയിൽ നിന്നും ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ നെൽകർഷകർ നിലവിൽ ഉപയോഗിച്ച വരുന്ന നെൽവിത്തിന്റെ ഗുണമേന്മയും ഉത്പാദനശേഷിയും പ്രതിരോധശേഷിയും കുറഞ്ഞ സാഹചര്യത്തിൽ ഗുണമേന്മയും ഉത്പാദനശേഷിയും പ്രതിരോധശേഷിയും കൂടുതലുള്ള ഇനങ്ങളായ പൗർണമി, KAU പുണ്യ (MO 25), KAU ആദ്യ (MO 24) എന്നീ പുതിയ ഇനം വിത്തുകൾ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്.

കേരള കാർഷിക സർവകലാശാലയിൽ നിന്നും നാളിതു വരെ അത്യുത്പാദനക്ഷമതയും രോഗപ്രതിരോധ ശേഷിയുമുള്ള വിവിധ വിളകളുടെ 359 ഇനം വിത്തിനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. 2024-ൽ വിവിധ വിളകളുടെ 16 ഇനങ്ങളാണ്

| | | | |
|---|---|---|---|
| | | | സർവകലാശാല കാർഷിക സമൂഹത്തിനായി പുറത്തിറക്കിയത്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള, ഉല്പാദനക്ഷമതയും ഉയർന്ന രോഗപ്രതിരോധശേഷിയുമുള്ള വിത്തിനങ്ങൾ ലഭ്യമാക്കുന്നതിനായി അത്യുത്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിളകളുടെ വിത്തുത്പാദനത്തിനായി എം.ഐ.ഡി.എച്ച്. വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക സർവ്വകലാശാല, മലപ്പുറം മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലെക്സ് എന്നിവയ്ക്ക് ധനസഹായം നൽകുന്നുണ്ട്. 2025-26 സാമ്പത്തിക വർഷം ഇതിനായി 18ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ പച്ചക്കറിയുടേയും പഴവർഗ്ഗങ്ങളുടേയും നല്ലയിനം നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി 8 ഹൈടെക് നഴ്സറികളും, 24 ചെറുകിട നഴ്സറികളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഉപ്പുരസം കൂടുതലുള്ള ഭൂമിയിൽ കൃഷി ചെയ്യാവുന്ന നെല്ലിനങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | ഉപ്പുരസം കൂടുതലുള്ള പൊക്കാളി മേഖലയിൽ കൂടുതൽ നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിലേക്ക്, വിത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് പൊക്കാളി വിത്തുല്പാദനത്തിനുള്ള പദ്ധതി ഉപ്പിനെ പ്രതിരോധിക്കുവാൻ കഴിവുള്ള വൈറ്റില 8, വൈറ്റില 9, വൈറ്റില 10, വൈറ്റില 11 എന്നീ ഇനങ്ങൾ കാർഷിക സർവകലാശാല വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിന്നും പുറത്തിറക്കി കൃഷിഭവൻ മുഖേനയും നേരിട്ടും കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. പൊക്കാളി നെൽ വിത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി പൊക്കാളി നെല്ലിനങ്ങളുടെ ഫീൽഡ് തലത്തിലുള്ള സീഡ് മൾട്ടിപ്ലിക്കേഷൻ നടപ്പിലാക്കുന്നതിന് 2025-26 സാമ്പത്തിക വർഷത്തെ നെൽ കൃഷി വികസന പദ്ധതിയിൽ പുതിയ ഘടകം ഉൾപ്പെടുത്തി ₹25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹെക്ടറിന് ഒരു ലക്ഷം രൂപ സഹായം നൽകി കൊണ്ട് 25 ഹെക്ടറിലാണ് 2025-26 സാമ്പത്തിക വർഷം സീഡ് മൾട്ടിപ്ലിക്കേഷൻ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ